# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇടുക്കി

സിവിൽ സ്റ്റേഷൻ ഇടുക്കി പൈനാവ് പി.ഒ. പിൻ. 685603

E-Mail.info@dtpcidukki.com                ഫോൺ. 04862232248

നം.ഡി.റ്റി.പി.സി/എ1/203/2005                തീയതി: 20/01/2020.

## ക്വട്ടേഷൻ നോട്ടീസ്

ഇടുക്കി പാറേമാവിൽ ഉള്ള വഴിയോര വിശ്രമ കേന്ദ്രം കെട്ടിടത്തിൽ 40 സീറ്റുള്ള റസ്റ്റോറന്റ് ഹാൾ, (ഫർണ്ണീച്ചർ സഹിതം) കിച്ചണും, പാർക്കിംഗ് സൗകര്യവും ഉൾപ്പെടെ റസ്റ്റോറന്റ് നടത്തുന്നതിലേയ്ക്ക് 11 മാസക്കാലത്തേയ്ക്ക് വാടകയും സെക്യൂരിറ്റിയും മുൻകൂറായി അടച്ച് വാടകയ്ക്ക് എടുക്കുവാൻ തയ്യാറുള്ള ഹോട്ടൽ നടത്തി 5 വർഷമെങ്കിലും മുൻപരിചയം ഉള്ളവരിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിക്കുന്നു. മികച്ച രീതിയിൽ ഹോട്ടൽ നടത്തി പരിചയം ഉള്ളതിന് ടെക്നിക്കൽ ബിഡ് പ്രത്യേകം കവറിൽ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനൊടൊപ്പം ഡി.ഡി.ആയി ചേർക്കേണ്ട ഇ.എം.ഡി. തുക രൂപ 10000/-

സെക്യൂരിറ്റി തുക                രൂപ 100000/-

### ക്വട്ടേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. സീൽ ചെയ്ത ക്വട്ടേഷനോടൊപ്പം ഡി.റ്റി.പി.സി സെക്രട്ടറിയുടെ പേരിൽ എസ്.ബി.റ്റി. ഇടുക്കി ബ്രാഞ്ചിൽ മാറാവുന്ന മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ഇ.എം.ഡി. തുകയുടെ ഡി.ഡി. ചേർത്തിരിക്കേണ്ടതാണ്.
2. കെട്ടിടത്തിന് 11 മാസക്കാലത്തേക്ക് ഒരുമിച്ച് അടയ്ക്കേണ്ട വാടക തുകയാണ് ക്വട്ടേഷനിൽ ചേർക്കേണ്ടത്.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ഏത് കെട്ടിടത്തിനുള്ളതാണെന്ന് പ്രത്യേകം ചേർത്തിരിക്കേണ്ടതാണ്.
4. ക്വട്ടേഷൻ 03.02.2020 ന് 4 പി.എം.-ന് മുൻപ് ഇടുക്കി സിവിൽ സ്റ്റേഷനിൽ ഉള്ള ഡി.റ്റി. പി.സി ആഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കുന്നതാണ്. താമസിച്ച് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
5. ക്വട്ടേഷനുകൾ 04.02.2020 രാവിലെ 11.30 ന് ഹാജരാകുന്ന ടെൻഡർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ ക്വട്ടേഷൻ താൽകാലികമായി ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒന്ന് ഭാഗം അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറക്ക് സമയ പരിധിക്കുള്ളിൽ ബാക്കി വാടകയും സെക്യൂരിറ്റി തുകയും അടച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.
6. മേൽ ക്വട്ടേഷൻ നടപടികൾ നടത്തുന്നതിനോ വേണ്ടന്ന് വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറിൽ നിക്ഷിപ്തമാണ്.
7. സൗകര്യങ്ങൾ നേരിട്ട് കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

മേൽ വിവരിച്ചവ കൂടാതെ ക്വട്ടേഷൻ സംബന്ധിച്ച പൊതു നിബന്ധനകൾ എല്ലാം ഇതിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഡി.റ്റി.പി.സി ആഫീസുമായി ബന്ധപ്പെടുക

ഫോൺ. 04862 232248.
Web Site:www.dtpcidukki.com

സെക്രട്ടറി
ഡി.റ്റി.പി.സി ഇടുക്കി

DISTRICT TOURISM PROMOTION COUNCIL
PAINAVU P.O.
Pin - 685 603.
IDUKKI

പകർപ്പ്:1. സെക്രട്ടറി വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് (ഓഫീസ് നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന്)
2. വില്ലേജ് ആഫീസ് ഇടുക്കി "
3. കളക്ട്രേറ്റ് ഇടുക്കി. "
4. ഡി.റ്റി.പി.സി ഓഫിസ് ഇടുക്കി "